I/191599/2022

<u>ഫയൽ അദാലത്ത് 2022</u>

"ഭരണഭാഷ – മാതൃഭാഷ"

വ്യാവസായിക പരിശീലനവകുപ്പ്

(കേരള സംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം

നമ്പർ:DT/2657/2022-A5 തീയതി: 24-06-2022

<u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് – ട്രെയിനിംഗ് ഡയറക്ടറേറ്റ് - ഫയലുകൾ തീർപ്പാക്കൽ - വകുപ്പിൽ ഫയൽ അദാലത്ത് നടത്തുന്നത് - സംബന്ധിച്ച്.

സൂചന:- ഡി.റ്റി/2657/2022-എ5(1) നമ്പരായ 09-06-2022 തീയതിയിലെ ഉത്തരവ്

..........

സൂചന പ്രകാരം ഫയൽ അദാലത്തുമായി ബന്ധപ്പെട്ട് മാർഗനിർദ്ദേശങ്ങൾ നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തീർപ്പാക്കൽ യത്നം സമയബന്ധിതമായി നടപ്പാക്കുന്നതിന് വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും റിപ്പോർട്ട് ലഭിക്കാത്തതിനാൽ മാത്രം ട്രെയിനിംഗ് ഡയറക്ടറേറ്റിൽ കുടിശ്ശികയായ ഫയലുകളുടെ ലിസ്റ്റ് അതാത് സ്ഥാപനങ്ങളിലേക്ക് മെയിൽ മുഖേന നൽകിയിട്ടുണ്ട്. (അതതു ഐ ടി ഐ കളുടെ ലിസ്റ്റ് തരം തിരിക്കുന്നതിനു excel format -ൽ ഉള്ള ലിസ്റ്റ് കൂടി മെയിലിൽ അറ്റാച്ച് ചെയ്തു നൽകുന്നു) . ലിസ്റ്റിൽ പ്രതിപാദിച്ചിരിക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനാവശ്യമായ മറുപടി **29-06-2022 3 PM മുമ്പായി** ട്രെയിനിംഗ് ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്. ***<u>ഇടക്കാല മറുപടിയായി റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതില്ല</u>*** . അന്തിമ മറുപടി ലഭ്യമാകാത്ത വിഷയങ്ങളിൽ ജൂലൈ ആദ്യവാരം ഡയറക്ടറേറ്റിൽ ഫയൽ അദാലത്ത് നടത്തുന്നതിന് ഉദ്ദേശിക്കുന്നു. ആയതിന്റെ തീയതി പിന്നാലെ അറിയിക്കുന്നതാണ് . ഫയൽ അദാലത്തുമായി ബന്ധപ്പെട്ട് അയയ്ക്കുന്ന മറുപടിയിൽ **ഫയൽ അദാലത്ത്** 2022 എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

HAZEENA P S

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

**സ്വീകർത്താവ്** : എല്ലാ മേഖലാ കോ ഓഡിനേറ്റർമാരും /എല്ലാ സ്ഥാപന മേധാവികളും **(വകുപ്പ് വെബ്സൈറ്റ് മുഖേന )**

**പകർപ്പ് : എല്ലാ യുണിറ്റ് ഓഫീസർമാർക്കും / സെക്ഷൻ സുപ്രണ്ട് മാർക്കും**

**(മുഖ്യ കാര്യാലയം )**